LIBRARY ARCHIVES Kerala Legislative Assembly

യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

314 (662) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു ;

(സി) പ്രസ്തുത പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം.

(എ-സി) യുവജനക്ഷേമ ബോർഡ്‌വഴി യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ ചുവടെ ചേർക്കുന്നു :

1. ജീവദായിനി- സമഗ്ര രക്തദാന പദ്ധതി

അടിയന്തര ഘട്ടങ്ങളിൽ സുരക്ഷിതവും സൗജന്യവുമായിട്ടുള്ള രക്തദാനം, സന്നദ്ധ രക്തദാന ഗ്രൂപ്പ് രൂപീകരണം, രക്തദാതാക്കളുടെ ഡേറ്റാ ബാങ്ക്, ഓൺലൈൻ ഡേറ്റാ ബാങ്ക്, രക്ത ബാങ്കുകളിൽ രക്തം ലഭ്യമാക്കുക തുടങ്ങിയവയാണ് ജീവദായിനി പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

2. സംരംഭകത്വ വികസന പദ്ധതി

കേരളത്തിലെ യുവജനങ്ങളുടെ സംരംഭകത്വ കഴിവ് വളർത്തി അവരെ സംരംഭകരാക്കാൻ പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പരിശീലനം അഹമ്മദാബാദിലെ Entrepreneurship Development Institute of India എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ നടത്തിവരുന്നു. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലായി 18 ബാച്ചിനാണ് പരിശീലനം നൽകിയത്. ഒരു ബാച്ചിന് 4 ആഴ്ച നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. നാളിതുവരെ 498 പേർ പരിശീലനം നേടുകയും 200 പേർ സ്വയം സംരംഭകരാകുകയും ചെയ്തിട്ടുണ്ട്.

3. സാഹസിക പരിപാടികൾ

സാഹസികതയിലൂടെ യുവജനങ്ങളിൽ മാനസികമായ ധൈര്യം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ദേവികളം, മുഴപ്പിലങ്ങാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സാഹസിക അക്കാഡമികളുടെ ആഭിമുഖ്യത്തിൽ അഡ്വെഞ്ചർ കാർണിവൽ, പ്രതിമാസ ടെക്കിംഗ് പരിശീലന പരിപാടികൾ, റോക്ക് ക്ലൈംബിംഗ്, റിവർ ക്രോസിംഗ്, ആർച്ചറി പരിശീലനം, വിവിധ സാഹസിക പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. 2015 ഏപ്രിൽ 14 മുതൽ 18 വരെ പാലക്കാട് തൃത്താല വച്ചും 19 മുതൽ 23 വരെ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് വച്ചും അഡ്വെഞ്ചർ കാർണിവൽ നടത്തുകയുണ്ടായി. ഇതിനായി 7,80,000 രൂപ പാലക്കാട് തൃത്താലയിലും 7,00,000 രൂപ ആലപ്പുഴയിലെ ഹരിപ്പാടും അനുവദിക്കുകയുണ്ടായി.

4. ട്രൈബൽ ഫെസ്റ്റ്

സംസ്ഥാനത്ത് നിലനിൽക്കുന്നതും അന്യംനിന്നുപോകുന്നതുമായ ആദിവാസി മേഖലയിലെ തനത് കലകളെ പരിപോഷിപ്പിക്കുകയും അവ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുക എന്നീ ലക്ഷ്യത്തോടുകൂടി സംസ്ഥാന ട്രൈബൽ ഫെസ്റ്റിവൽ 2014 ഡിസംബർ മാസം വയനാട് ജില്ലയിൽവച്ച് സംഘടിപ്പിച്ചു.

മേൽ വിവരിച്ച പദ്ധതികൾ കൂടാതെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആസ്ഥാന മന്ദിര നിർമ്മാണം, വയനാട് ജില്ലാ യൂത്ത് ഭവൻ നിർമ്മാണം എന്നീ പദ്ധതികളും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മൃഗശാലാ സന്ദർശകർക്കുള്ള സൗകര്യങ്ങൾ

315 (663) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മൃഗശാലകളിലെ സന്ദർശകർക്ക് ആവശ്യമായ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; ഇതുസംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

മ്യൂസിയം മൃഗശാലവകുപ്പിനു കീഴിലുള്ള തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകൾ സന്ദർശിക്കുന്നവർക്ക് സന്ദർശന വേളയിൽ ഇരിക്കുന്നതിനായി ഗാർഡൻ ബഞ്ചുകൾ സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലയിൽ 10 വിശ്രമ കേന്ദ്രങ്ങൾ ഒരുക്കിയിട്ടുണ്ട്. സുലഭ് ഇന്റർനാഷണൽ എന്ന സന്നദ്ധ സംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു ടോയ്‌ലറ്റ് ബ്ലോക്ക്, സ്ത്രീകൾക്കായി 'ഷീ ടോയ്‌ലറ്റ്' എന്നിവ തിരുവനന്തപുരത്തും മൃഗശാലയുടെതന്നെ മേൽനോട്ടത്തിൽ ഒരു ടോയ്‌ലറ്റ് ബ്ലോക്ക് തൃശ്ശൂരും പ്രവർത്തിച്ചുവരുന്നു. ഇരു മൃഗശാലകളിലും

LIBRARY ARCHIVES Kerala Legislative Assembly